# ‘സൗമ്യത’

## മാത്യു 5:5

‘‘സൌമ്യതയുള്ളവർ ഭാഗ്യവാന്മാർ; അവർ ഭൂമിയെ അവകാശമാക്കും.’’

ഇന്ന് യാതൊരു പ്രാധാന്യവും കൊടുക്കാത്ത ഒരു പദമാകുന്നു “സൗമ്യത.’’ സൗമ്യതയുള്ളവന് ഇന്ന് ഈ ലോകജീവിതം ദുഃസഹമാണ്. അവൻ ലോകത്തിന്റെ കാഴ്ചപ്പാടിൽ മണ്ടനും നിസ്സാരനും ആകുന്നു. എന്നാൽ അതിന്റെ നടുവിലും ദൈവവചനത്തിന്റെ ഉറപ്പ് എത്ര അതിശയകരമാകുന്നു. അതേ, സൗമ്യതയുള്ളവർ ഭൂമിയെ അവകാശമാക്കുന്ന ഭാഗ്യകരമായ, ഉന്നതമായ പദവി.

സൗമ്യതയ്ക്ക് മാതൃകയാകാവുന്ന ഉത്തമപുരുഷൻ യേശുക്രിസ്തു തന്നെയാകുന്നു. അവൻ തന്നെ പറഞ്ഞു ഞാൻ സൗമ്യതയും, താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ. (മത്തായി 11:29). ഗുരുവിനെ പോലെ ആകുന്നത് ശിഷ്യന് മതി (മാത്യു 10:25) എന്ന ലക്ഷ്യമാണ് കർത്താവ് നൽകിയിരിക്കുന്നത്. എന്നാൽ എന്താകുന്നു ഈ സൗമ്യത? ഏതു സാഹചര്യത്തിലും ഒരക്ഷരം പ്രതികരിക്കാതെ മൗനമായി ഇരിക്കുന്നതാണോ സൗമ്യത? ഒരിക്കലും അല്ലായെന്ന് കർത്താവിന്റെ ജീവിതം വെളിപ്പെടുത്തുന്നു. വചനം പഠിപ്പിക്കുന്നു. ദൈവാലയത്തിൽ കച്ചവടം നടക്കുമ്പോൾ അവൻ ജനത്തോട് ക്ഷുഭിതനായി. സകലവും രോഷാകുലനായി നശിപ്പിച്ചു കളയുന്ന കാഴ്ചയാണ് നാം അവിടെ കാണുന്നത്. എന്നാൽ ക്രൂശിൽ കിടന്ന് തന്നെ ക്രൂശിച്ചവർക്കുവേണ്ടി, ഉപദ്രവിക്കുന്നവർക്കുവേണ്ടി സൗമ്യതയോടെ പ്രാർത്ഥിക്കുന്ന കർത്താവിനെ നമുക്ക് കാണാം. അതായത് ദൈവത്തോടും ദൈവകാര്യങ്ങൾക്കും എതിരെ പ്രതികരിക്കുന്നവരോട് തന്റെ യോജിപ്പില്ലായ്മ തീവ്രമായ ഭാഷയിൽ കാണിക്കുകയും തന്നോട് വ്യക്തിപരമായി എതിർക്കുന്നവരെ നിശബ്ദമായി മറുപടി കൊടുത്ത് നേരിടുകയും ചെയ്യുന്നതാണ് സൗമ്യത. മോശയെ ദൈവം ഏറ്റം സൗമ്യനായ വ്യക്തി എന്ന് വിളിച്ചു. അവന്റെ ജീവിതാനുഭവങ്ങളിലൂടെയും സൗമ്യതയുടെ അനുഭവം ഇതുതന്നെയന്ന് പ്രകടമാക്കുന്നു.

ഫിലിപ്യർ 4:5–ൽ കാണുന്നു. ‘‘നിങ്ങളുടെ സൗമ്യത സകല മനുഷ്യരും അറിയട്ടെ.’’ തിരുവചനത്തിൽ വെളിപ്പെടുത്തിക്കൊണ്ട് ദൈവത്തിന്റെ ദയയുള്ള കരങ്ങളുടെ ആനുകൂല്യം അനുഭവിച്ചവരാണ്. ദൈവം അവരോടു കൂടെയുണ്ട് എന്ന ചിന്ത ധീരമായ തീരുമാനങ്ങൾ എടുക്കാൻ അവരെ ബലപ്പെടുത്തി ദൈവം കരുതും എന്ന ഉത്തമബോധ്യം

അവരെ ഭരിച്ചിരുന്നതുകൊണ്ട് അവരുടെ സൗമ്യത സകല മനുഷ്യരും അറിയാൻ ഇടയായി.

അതുകൊണ്ട് പ്രിയരെ, കർത്താവ് നിയമിക്കുന്ന ഏതു സ്ഥാനത്തും (ചെറുതോ വലുതോ) അവന്റെ ഹിതപ്രകാരം ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ് നമ്മുടെ കടമ. 'സഹിക്കുന്നുവെങ്കിൽ കൂടെ വാഴും' എത്ര ആശ്വാസം തരുന്ന ദൈവവചനം. കർത്താവിന്റെ മഹത്വത്തിൽ ഓരോ ദൈവപൈതലും അനുഭവിക്കുന്നതിനും സഹിക്കുന്നതിനും തീർച്ചയായും പ്രതിഫലം ഉണ്ട്. എന്തു തന്നെ സഹിച്ചാലും എത്ര സഹിച്ചാലും ആ സഹനം കർത്താവ് ഭൂമിയിൽ രാജാവായി വാഴുമ്പോൾ ഓരോരുത്തരും അനുഗ്രഹത്തിന് അർഹരാകും. ഈ സന്ദേശമാണ് ഇന്നത്തെ നമ്മുടെ കുറിവാക്യം അരുളി ചെയ്യുന്നത്. സൗമ്യതയോടെ ജീവിക്കാൻ ആഗ്രഹിച്ചാൽ സഹിച്ചേ പറ്റൂ. അതിനു തയ്യാറല്ലെങ്കിൽ സൗമ്യത വെളിപ്പെടുത്തുവാൻ സാധ്യമല്ല. അതുകൊണ്ട് ദൈവത്തിന്റെ ബലമുള്ള കരങ്ങളിൽ താണിരുന്നുകൊണ്ട് സൗമ്യതയോടെ ഭാഗ്യപദവി കൈവശമാക്കാൻ അധികമായി ദൈവത്തിന്റെ ശക്തിക്കായി അപേക്ഷിക്കാം. മുന്നേറാം.

**പരാമർശം :**

**സങ്കീർത്തനങ്ങൾ 37:11**

''എന്നാൽ സൌമ്യതയുള്ളവർ ഭൂമിയെ കൈവശമാക്കും; സമാധാനസമൃദ്ധിയിൽ അവർ ആനന്ദിക്കും''.

**സങ്കീർത്തനങ്ങൾ 25:9**

''സൌമ്യതയുള്ളവരെ അവൻ ന്യായത്തിൽ നടത്തുന്നു; സൌമ്യതയുള്ളവർക്കും തന്റെ വഴി പഠിപ്പിച്ചു കൊടുക്കുന്നു''.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 013**